14-ാം കേരള നിയമ സഭ

9-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2066 01-02-2018 -ൽ മറുപടിയ്ക്ക്

## പാരിപ്പള്ളി മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത് | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഇ.എസ്.ഐ യുടെ അധീനതയിലായിരുന്ന പാരിപ്പള്ളി മെഡിക്കൽ കോളേജിനെ സംസ്ഥാന സർക്കാരിന് കൈമാറിയ നടപടി ഡൽഹി ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും വിധി ലഭിച്ചിട്ടേയുള്ളൂ. ഇത് ഇ.എസ്.ഐ കോർപ്പറേഷനും നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. |
| (ബി) ഇ.എസ്.ഐ നിയമത്തിലെ 59(ബി) വകുപ്പ് പ്രകാരം സ്ഥാപിതമായ പ്രസ്തുത മെഡിക്കൽ കോളേജ്, നിയമം ഭേദഗതി ചെയ്യാതെ സംസ്ഥാന സർക്കാരിന് കൈമാറിയ നടപടി നിയമവിരുദ്ധമാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ; | |
| (സി) പ്രസ്തുത മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഉണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) ഈ വർഷം പ്രസ്തുത കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഡി) ഈ വർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കു വേണ്ടി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഒന്നാം വർഷ പഠനത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും കുട്ടികൾ യഥാസമയം പരീക്ഷ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ ചൂണ്ടി കാട്ടിയ ന്യൂനതകൾ സംബന്ധിച്ച റിപ്പോർട്ട് മെഡിക്കൽ കൗൺസിലിനും, കേന്ദ്ര ആരോഗ്യ വകുപ്പിനും, മേൽ നോട്ട കമ്മിറ്റിയ്ക്കും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോടതിവിധി നിലവിലെ സാഹചര്യങ്ങൾക്ക് എതിരാകുന്ന പക്ഷം ആവശ്യമായ നിയമ നടപടികൾ കൈകൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**